ിസംബർ 14 തിങ്കൾ | ദീപിക

# സ്മാർട്ട് എനർജി പ്രോഗ്രാം അധ്യാപക പരിശീലനം

**നെടുമങ്ങാട്, വർക്കല, ആറ്റിങ്ങൽ, കിളിമാനൂർ, പാലോട് ഉപജില്ലകളിൽ നിന്നുള്ള 278 അധ്യാപകർ പങ്കെടുത്തു.**

**വെഞ്ഞാറമൂട്:** സംസ്ഥാന എനർജി മാനേജ് സെന്ററിന്റെ കീഴിൽ സ്കൂളുകളിൽ നടത്തിവരുന്ന സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ചുമതലക്കാരായ അധ്യാപകർക്ക് പരിശീലനം നൽകി. നെടുമങ്ങാട്, വർക്കല, ആറ്റിങ്ങൽ, കിളിമാനൂർ, പാലോട് ഉപജില്ലകളിൽ നിന്നുള്ള 278 അധ്യാപകർ പങ്കെടുത്തു.

ഇഎംസി ഡയറക്ടർ ഡോ.ആർ. ഹരികുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ കോ-ഓർഡിനേറ്റർ ഡോ.കെ.ജി.അജിത് കുമാർ അധ്യക്ഷതവഹിച്ചു. ആറ്റിങ്ങൽ വിദ്യാഭ്യാസ ഓഫീസർ ജെ. സിന്ധു മുഖ്യാതിഥിയായ യോഗത്തിൽ എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ വിഷയാവതരണം നടത്തി. ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലാ ജോയിന്റ് കോ-ഓർഡിനേറ്റർ കെ.പി.സാജിദ്,വർക്കല ഉപജില്ലാ ഓഫീസർ ആർ.ബിന്ദു ,നെടുമങ്ങാട് ഉപജില്ലാ ഓഫീസർ എൽ.ജി. ഇന്ദു,പാലോട് ഉപജില്ലാ ഓഫീസർ എ. മിനി, കിളിമാനൂർ ഉപജില്ലാ ഓഫീസർ വി.രാജു ,ആറ്റിങ്ങൽ ഉപജില്ലാ ഓഫീസർ വിജയകുമാരൻ നമ്പൂതിരി ,എം.കെ. മെഹബൂബ്,കൃഷ്ണപ്രിയ എന്നിവർ പങ്കെടുത്തു.